പാലക്കാട് ജില്ലാ സഹകരണ അച്ചടിശാല

57 [92] ശ്രീ. ഇ. പത്മനാഭൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലാ സഹകരണ അച്ചടിശാല സാമ്പത്തിക സഹായത്തിന് അപേക്ഷിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തു നടപടി സ്വീകരിച്ചു?

ഉത്തരം

(എ) ഉണ്ട്. 1982-ൽ അപേക്ഷിച്ചിരുന്നു.

(ബി) 1982-83, 1983-84, 1984-85 എന്നീ വർഷങ്ങളിൽ ഈ ആവശ്യത്തിന് ബഡ്ജറ്റിൽ വക കൊള്ളിച്ചിട്ടില്ലാത്തതിനാൽ അപേക്ഷ പരിഗണിച്ചില്ല. ഈ സാമ്പത്തികവർഷത്തിലും ഈ ആവശ്യത്തിന് പ്രത്യേകമായി സംഖ്യ വക കൊള്ളിച്ചിട്ടില്ല.

(ചോദ്യോത്തരസമയം കഴിഞ്ഞു).

II. ശ്രദ്ധ ക്ഷണിക്കൽ

(1) കുറ്റിപ്പുറം-ഗുരുവായൂർ-തൃശ്ശൂർ റെയിൽ ലൈനിന്റെ പണി

ശ്രീ. കെ. പി. അരവിന്ദാക്ഷൻ: സർ, ഈ പ്രദേശത്തെ സംബന്ധിച്ചുമാത്രമല്ല നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചു 9.30 A.M.] തന്നെ ഒരു പ്രധാനപ്പെട്ട സംഗതി ഈ സഭയുടെ ശ്രദ്ധയിൽ പ്പെടുത്തുവാനാണ് ഞാനാഗ്രഹിക്കുന്നത്. റെയിൽവേ വികസനത്തിന്റെ കാര്യത്തിൽ സ്വതന്ത്ര ഭാരതത്തിൽ ഏറ്റവും അധികം അവഗണിക്കപ്പെട്ട ഒരു സംസ്ഥാനമാണ് നമ്മുടേത്. ഒരിക്കലും ആളേ ഹരി റെയിൽവേ വികസനം നമ്മുടെ സംസ്ഥാനത്തിന് ലഭിക്കാൻ ഇട വന്നിട്ടില്ല. സംസ്ഥാന രൂപീകരണത്തിന്റെ ആദ്യകാലം തൊട്ട പറഞ്ഞുവന്നിരുന്നതാണ് കുറ്റിപ്പുറം-ഗുരുവായൂർ-തൃശ്ശൂർ റെയിൽവേ ലൈൻ. കേന്ദ്രത്തിൽ റെയിൽവേയുടെ ചുമതല വഹിച്ചിരുന്ന മിക്ക മന്ത്രിമാരും ഗുരുവായൂർ വന്ന് ദർശനം നടത്തുമ്പോഴൊക്കെ അവിടത്തെ പല സമിതികളിൽ നിന്നും കമ്മിറ്റികളിൽനിന്നും പല നിവേദനങ്ങളും വാങ്ങിച്ചുകൊണ്ട് ഈ റെയിൽവേയുടെ കാര്യത്തിൽ ഉറപ്പു പറഞ്ഞുപോയതാണ്. ശ്രീ. കമലാപതി ത്രിപാഠിയും രണ്ടുദിവസം അവിടെ താമസിക്കുകയും "ഞാൻ പോയാൽ ഉടൻതന്നെ റെയിൽവേ വരുമെന്ന്" ഉറപ്പു പറഞ്ഞുപോകുകയും ചെയ്ത ആളാണ്. എന്നാൽ ഇന്നേവരെ നടന്നിട്ടില്ല. പ്രാഥമിക സർവ്വേ നടത്തി സ്കീം അപ്രൂവ് ചെയ്തതായി പത്രത്തിൽ വന്നതല്ലാതെ അതിന്റെ മറ്റ് പ്രവർത്തനങ്ങളൊന്നും ഇതേവരെ നടന്നില്ല എന്നുള്ളതാണ് വാസ്തവം. എല്ലാ മാസവും അവിടെ ചെന്ന് ദർശനം നടത്താറുള്ള കേരള മുഖ്യമന്ത്രിക്കും ഇക്കാര്യം, റെയിൽവേയുടെ കാര്യം, ഗൗരവപൂർവ്വം കേന്ദ്രത്തിന്റെ ശ്രദ്ധ

LIBRARY ARCHIVES Kerala Legislative Assembly

യിൽകൊണ്ടുവരാൻ കഴിഞ്ഞിട്ടില്ല എന്ന് ആക്ഷേപമുള്ള ആളാണ് ഞാൻ. തെക്കേ ഇന്ത്യയിലെ ഏറ്റവും വലിയ ടൂറിസ്റ്റ് കേന്ദ്രം, ഏറ്റവും വലിയ ക്ഷേത്രം, ഏറ്റവും കൂടുതൽ കേന്ദ്രപ്രവാഹമുള്ള സ്ഥലം ഒക്കെയായ അവിടെ ചെന്നുചേരുന്നതിന് കുറ്റിപ്പുറം റെയിൽവേ സ്റ്റേഷനിൽ ഇറങ്ങിയാൽ ട്രാൻസ്പോർട്ട് ബസ്സിനേയും സ്വകാര്യ ബസ്സിനേയും മാണ് ആശ്രയിക്കേണ്ടത്. ട്രാൻസ്പോർട്ട് ബസ്സിന്റെ കാര്യത്തിലാണെങ്കിൽ ദിവസവും ഷെഡ്യൂൾ ക്യാൻസലേഷനാണ്. സ്വന്തമായി കാറില്ലാത്തവർക്ക് ആ ക്ഷേത്രത്തിൽ പോകാൻ പറ്റാത്ത ഒരു സ്ഥിതിയാണുള്ളത്. തൃശ്ശൂർ, പാലക്കാട്, മലപ്പുറം തുടങ്ങിയ രണ്ടുമൂന്നു ജില്ലകളുടെ വികസനത്തിനാവശ്യമായ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ് ഈ റെയിൽവേ. അതുകൊണ്ട് ഈ റെയിൽവേയുടെ പണി അടിയന്തിരമായി ആരംഭിക്കുന്നതിനുവേണ്ടിയുള്ള ശ്രമം കേന്ദ്ര ഗവൺമെന്റിൽ ചെലുത്താൻ ഈ സഭയും അതിന്റെ ഉത്തരവാദപ്പെട്ട മന്ത്രിമാരും ശ്രമിക്കണമെന്നുള്ളതാണ് എനിക്ക് പറയാനുള്ളത്. ഈ സഭയിൽ ഇത് പറയുമ്പോഴും, താമരിക്ക് തീ പിടിച്ച സമയത്ത് ബീഡിക്ക് തീ ചോദിക്കുന്നതുപോലെയായിപ്പോയി എന്ന് നമുക്ക് തോന്നാം. കേന്ദ്രത്തിൽ ചെല്ലുമ്പോഴും ഇതിലും വലിയ കാര്യങ്ങളും പറഞ്ഞ് ഇത് മറക്കാതിരിക്കുവാൻ സംസ്ഥാനത്തിന്റെ ഒരു പ്രധാന സംഗതിയെന്ന നിലയ്ക്ക് റെയിൽവേയുടെ കാര്യത്തിൽ ധനകാര്യ വകുപ്പുമന്ത്രിയും, മുഖ്യമന്ത്രിയും ശ്രമിക്കണമെന്ന അപേക്ഷ എനിക്കുണ്ട്. അല്ലെങ്കിൽ എല്ലാ മാസവും പോയാലും ഗുരുവായൂരപ്പൻ തീർച്ചയായും ദ്രോഹം ചെയ്യാതിരിക്കില്ല. അതുകൊണ്ട് മുഖ്യമന്ത്രി പ്രത്യേകം ശ്രദ്ധിക്കണം. ഈ റെയിൽവേയുടെ കാര്യം എല്ലാ പ്രാവശ്യവും ഉറപ്പു പറഞ്ഞ് പിൻവലിച്ചിട്ടുണ്ട്.

ധനകാര്യവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതിനോട് ഗവൺമെന്റ് യോജിക്കുകയാണ്. അതാണ് ഗവൺമെന്റിന്റെ നിലപാട്. ഇതു സംബന്ധിച്ച് എത്ര പറഞ്ഞാലും ഞങ്ങൾക്ക് സന്തോഷമേയുള്ളൂ. കാരണം തെക്കേ ഇന്ത്യയിലെ ഏറ്റവും വലിയ തീർത്ഥാടന കേന്ദ്രമായ തൃശ്ശൂരിലെ ഗുരുവായൂർ പോകുന്നതിന് കുറ്റിപ്പുറം-ഗുരുവായൂർ റെയിൽവേ വളരെ പ്രധാനപ്പെട്ട ഒന്നാണ്. അത് സാധിച്ചുതരണമെന്നു പറഞ്ഞ് സംസ്ഥാന ഗവൺമെന്റ് നിരന്തരം കേന്ദ്രഗവൺമെന്റിൽ നിവേദനം കൊടുത്തു. പക്ഷേ കേന്ദ്ര ഗവൺമെന്റിന്റെ നിലപാട്, സാമ്പത്തിക പരിമിതിമൂലം ഇപ്പോൾ സാദ്ധ്യമല്ല, പിന്നീട് ഇക്കാര്യം പരിഗണിക്കാമെന്നുള്ളതാണ്. അല്ലാതെ മെമ്പർ പറഞ്ഞതുപോലെയല്ല. 19-10-1982-ൽ ഈ ഗവൺമെന്റ് കേന്ദ്രഗവൺമെന്റിൽ റിക്വസ്റ്റ് നടത്തി. 23-6-1983-ൽ 14 കോടി രൂപ ചെലവുവരുന്ന ഈ പദ്ധതി ഇപ്പോൾ സാമ്പത്തിക പരിമിതിമൂലം ഏറ്റെടുക്കാൻ സാദ്ധ്യമല്ല, മാറ്റിവയ്ക്കേണ്ടതാണെന്നും കേന്ദ്രഗവൺമെന്റ് പറഞ്ഞു. 14-7-1983-ൽ വീണ്ടും ഈ ആവശ്യം ഗവൺമെന്റ് ഉന്നയിക്കുകയുണ്ടായി. 20-2-1985-ൽ വീണ്ടും സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിനോട് ഇത് ആവശ്യപ്പെട്ടു. സാമ്പത്തിക ബുദ്ധിമുട്ടുമൂലം നടപ്പിലാക്കാൻ സാധിക്കില്ലായെന്നാണ് അതിന് കിട്ടിയ മറുപടി. പക്ഷേ പ്ലാനിംഗ് കമ്മീഷന്റെ അംഗീകാരത്തിനു വിധേയമായി പിന്നീട് ഇക്കാര്യം പരിഗണിക്കാമെന്നും കേന്ദ്രഗവൺമെന്റിൽനിന്ന് റിപ്ലൈ കിട്ടുകയുണ്ടായി. അവസാനമായി 28-5-1985-ൽ പ്രധാനമന്ത്രിക്ക് സംസ്ഥാന ഗവൺമെന്റ് എഴുതുകയുണ്ടായി. പ്രധാനമന്ത്രിയിൽനിന്ന് ഒരു മറുപടി കിട്ടുകയുണ്ടായി. സാമ്പത്തിക ബുദ്ധിമുട്ടുകൾ മൂലം ഇത് ഏറ്റെടുക്കുന്നതിന് ചില പ്രായോഗിക ബുദ്ധിമുട്ടുകളുണ്ട്. എന്തായാലും ഇക്കാര്യത്തെ സംബന്ധി

LIBRARY ARCHIVES Kerala Legislative Assembly

ച്ചിടത്തോളം അനുഭാവപൂർവ്വം കേന്ദ്രഗവൺമെന്റ് പരിഗണിക്കുമെന്നുള്ളതാണ് നിലപാട്. അതുകൊണ്ട് കേന്ദ്രഗവൺമെന്റ് ഇക്കാര്യം നിഷേധിച്ചിട്ടില്ല. സാമ്പത്തിക ബുദ്ധിമുട്ടുകൊണ്ടുമാത്രം ഇത് മാറ്റിമാറ്റിവയ്ക്കുകയാണ്. നമ്മെ സംബന്ധിച്ചിടത്തോളം ഇത് വളരെ ആവശ്യമാണ്. വീണ്ടും കേന്ദ്രഗവൺമെന്റിന്റെ മുമ്പാകെ ഇക്കാര്യം കൊണ്ടുവരുന്നതും ഈ ആവശ്യം നിറവേറ്റുന്നതിനുവേണ്ടി ശക്തമായ നിലപാട് സംസ്ഥാന ഗവൺമെന്റ് സ്വീകരിക്കുന്നതുമാണ്.

ശ്രീ. കെ. പി. അരവിന്ദാക്ഷൻ: ഇതിന്റെ ഗൗരവം കണക്കിലെടുത്ത് പ്രധാനമന്ത്രി ഈ സംസ്ഥാനം സന്ദർശിക്കുന്ന അവസരത്തിൽ ഈ സഭയിലെ എല്ലാ വിഭാഗം ആൾക്കാരും കൂടി ഒരു അഖില കക്ഷി സംഘം എന്ന നിലയിൽ ഇത് ഉടനെ ആരംഭിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുവാൻ മുതിരുമോ?

ശ്രീ. കെ. എം. മാണി: ഈ ഗവൺമെന്റിൽ പ്രധാനമന്ത്രിക്ക് വിശ്വാസമുണ്ട്. [illegible] സംഘടനായി ആളുകളെ കൂട്ടിക്കൊണ്ടുവന്നാലേ വിശ്വാസം വരൂ എന്നതിൽ അർത്ഥമില്ല.

(2) പുനലൂർ പേപ്പർമിൽസ് തുടങ്ങിയ വ്യവസായസ്ഥാപനങ്ങളിൽ നിന്നുള്ള ജലമലിനീകരണം

ശ്രീ. തോപ്പിൽ രവി: സർ, വ്യവസായസ്ഥാപനങ്ങളിൽ നിന്നും രാസവസ്തുക്കൾചേർന്ന മലിനജലം കായലുകളിലേയ്ക്കും ആറുകളിലേയ്ക്കും ഒഴുക്കിവിടുന്നതുമൂലം അതിന്റെ കരകളിൽ താമസിക്കുന്ന ആളുകൾക്ക്, പ്രത്യേകിച്ച് മത്സ്യത്തൊഴിലാളികൾക്കും മണലും കക്കയും വാരുന്ന തൊഴിലാളികൾക്കും ഉണ്ടാകുന്ന ബുദ്ധിമുട്ടുകളിലേയ്ക്ക് ഗവൺമെന്റിന്റെ ശ്രദ്ധക്ഷണിക്കുകയാണ് ഞാനാഗ്രഹിക്കുന്നത്. ഇക്കാര്യം ഇതിനുമുമ്പും ഈ സഭയിൽ ചർച്ച ചെയ്യപ്പെട്ടിട്ടുള്ളതാണ്. പക്ഷേ ആശാവഹമായമാറ്റം ഇക്കാര്യത്തിൽ ഉണ്ടായതായി തോന്നുന്നില്ല. കൊല്ലം ജില്ലയിലെ പുനലൂർ പേപ്പർ മിൽസ്, കുണ്ടറ ട്രാവൻകൂർ കെമിക്കൽ മാനുഫാക്ചറിംഗ് കമ്പനി, ലക്ഷ്മി സ്റ്റാർച്ച് ഫാക്ടറി, അലിൻഡ് സ്റ്റീൽവയർ പ്ലാന്റ് തുടങ്ങിയ ഫാക്ടറികളിൽനിന്നും രാസവസ്തുക്കൾ ചേർന്ന മലിനജലം കല്ലടയാറിലേയ്ക്കും കുണ്ടറയിലേയ്ക്കും, അഷ്ടമുടി കായലിലേയ്ക്കും തുറന്നുവിടുന്നതുമൂലം അവിടെയുള്ള മത്സ്യത്തൊഴിലാളികളും കർഷകരും മണൽവാരിയും കക്കവാരിയും ജീവിക്കുന്ന തൊഴിലാളികളും വളരെ ദുരിതത്തിലാണ്. ഇതിൽ പ്രധാനം പുനലൂർ പേപ്പർ മിൽസ് ആണ്. 135 ലക്ഷം ലിറ്റർ വെള്ളം ഒരു ദിവസം പുനലൂർ പേപ്പർ മില്ലിൽനിന്നും അവിടത്തെ ആവശ്യം കഴിഞ്ഞ് കല്ലടയാറിലേയ്ക്ക് തുറന്നുവിടുകയാണ്. ഫാക്ടറികളിൽ ഉപയോഗിക്കുന്ന വെള്ളം ആറുകളിലേയ്ക്കും കായലിലേയ്ക്കും ശുദ്ധീകരിക്കപ്പെടാതെ തുറന്നുവിട്ടുകൂടായെന്ന് വ്യക്തമായ വ്യവസ്ഥകളും നിയമങ്ങളും ഈ സംസ്ഥാനത്ത് ഉണ്ട്. ഇത് സംബന്ധിച്ച് ചട്ടങ്ങൾ ഉണ്ടാക്കാനും അത് പാലിക്കുന്നുണ്ടെന്ന് നോക്കാനും ജലമലിനീകരണ നിയന്ത്രണ ബോർഡ് നിലവിലുണ്ടെങ്കിലും ചോദിക്കാനും പറയാനും ആരുമില്ല എന്ന സ്ഥിതിയിലാണ് പല വ്യവസായ സ്ഥാപനങ്ങളും പ്രവർത്തിക്കുന്നത്. പ്രത്യേകിച്ച് പുനലൂർ പേപ്പർ മിൽസ് ഈ രാജ്യത്തുള്ള ഒരു ചട്ടവും നിയമവും തങ്ങൾക്ക് ബാധകമല്ലായെന്ന നിലയിൽ മുന്നോട്ടുപോവുകയാണ്. കല്ലടയാറിന്റെ ഇരുകരകളിലുമുള്ള 16 പഞ്ചായത്തുകളിലായി നാലുലക്ഷത്തോളം വരുന്ന ആളുകളാണ് ഇതിന്റെ

LIBRARY ARCHIVES Kerala Legislative Assembly